**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 6 — 26.02.2018- ൽ മറുപടിയ്ക്ക്

# എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സയും സാമ്പത്തിക സഹായവും

ചോദ്യം — മറുപടി

ശ്രീ.എം രാജഗോപാലൻ
ശ്രീ.റ്റി.വി രാജേഷ്
ശ്രീ.കാരാട്ട് റസാഖ്
ശ്രീ.കെ.ബാബു.

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡി.വൈ.എഫ്.ഐ സുപ്രീംകോടതിയിൽ നൽകിയ കേസിന്റെ വിധിയിൽ എൻഡോസൾഫാൻ ദുരിതബാധിതരായ മുഴുവൻ പേർക്കും 5 ലക്ഷം രൂപയും ആജീവനാന്ത ചികിത്സയും കേന്ദ്ര സർക്കാരും കീടനാശിനി കമ്പനിയും ചേർന്ന് നൽകണമെന്ന ഉത്തരവ് കേന്ദ്ര സർക്കാർ പാലിച്ചിട്ടുണ്ടോ; | (എ) | ബഹു: സുപ്രീംകോടതിയിൽ ഡി.വൈ.എഫ്.ഐ ഫയൽ ചെയ്ത WP(C) 213/2011 നമ്പർ കേസിലെ 10.01.2017 ലെ ഉത്തരവിൽ, എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഓരോരുത്തർക്കും നഷ്ടപരിഹാരത്തുകയായി നിർണ്ണയിച്ചിരുന്ന 5 ലക്ഷം രൂപയിൽ വിതരണം ചെയ്യാൻ അവശേഷിക്കുന്ന തുക പൂർണ്ണമായും 10.01.2017 മുതൽ 3 മാസത്തിനകം വിതരണം ചെയ്യണമെന്ന് ഉത്തരവായിരുന്നു. മേല്പറഞ്ഞ നഷ്ടപരിഹാരത്തുക കേന്ദ്ര സർക്കാരിൽ നിന്നോ ബന്ധപ്പെട്ട വ്യവസായ സ്ഥാപനത്തിൽ നിന്നോ ഈടാക്കുന്ന കാര്യം സംസ്ഥാന സർക്കാരിന് നിയമാനുസൃതമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ബഹു:സുപ്രീം കോടതി വ്യക്തമാക്കിയിരുന്നു. കൂടാതെ എൻഡോസൾഫാൻ ദുരിത ബാധിതർ ധാരാളമുണ്ടെന്നുള്ള വസ്തുത കണക്കിലെടുത്ത് ദുരിതബാധിതർക്ക് ആജീവനാന്ത ചികിത്സാ സൗകര്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കണമെന്നും ഉത്തരവായിരുന്നു. |

| | | | |
|---|---|---|---|
| | | | ഇതുമായി ബന്ധപ്പെട്ട് ടി സംഘടന ഫയൽ ചെയ്ത Contempt of Court Case 1920/2017 ൽ ബഹു: സുപ്രീം കോടതി മുമ്പാകെ സംസ്ഥാന സർക്കാർ എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിലെ അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല. ദുരിതബാധിതർക്കായി കാസറഗോഡ് ജില്ലയിൽ നടപ്പാക്കി വരുന്ന പദ്ധതികൾക്കായി 483 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് കേന്ദ്ര ധനസഹായത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും പ്രത്യേകമായി ആനുകൂല്യം നൽകുന്ന കാര്യത്തിൽ യാതൊരു നടപടിയും കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. എന്നാൽ 2012 മുതൽ NHM ന്റെ കീഴിൽ എൻഡോസൾഫാന്റെ കീഴിൽ എൻഡോസൾഫാൻ പുനരധിവാസം, അമ്മമാർക്കുള്ള കൗൺസിലിംഗ് എന്നിവയുൾപ്പെടെയുള്ള കാര്യങ്ങൾക്കായി 22.19 കോടി രൂപ അനുവദിച്ചു നൽകിയിട്ടുള്ളതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |
| (ബി) | അർഹരായ ദുരിതബാധിതരെ കണ്ടെത്താനും അവർക്ക് ആശ്വാസം ലഭ്യമാക്കാനുമായി സംസ്ഥാന സർക്കാർ നടത്തി വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (ബി) & (സി) | വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ദുരിതബാധിതർക്ക് സൗജന്യ റേഷൻ നൽകുന്നതിനും ചികിത്സ നൽകുന്നതിനും ചെയ്തിട്ടുള്ള കാര്യങ്ങൾ വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്താനും അവർക്ക് ആശ്വാസം ലഭ്യമാക്കാനുമായി സംസ്ഥാനസർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങളും ദുരിതബാധിതർക്ക് സൗജന്യ റേഷൻ നൽകുന്നതിനും ചികിത്സ നൽകുന്നതിനും സർക്കാർ ചെയ്തിട്ടുള്ള കാര്യങ്ങളും സംബന്ധിച്ച വിശദവിവരങ്ങൾ

എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി സ്പെഷലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ഇത്തരത്തിൽ 39 മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. 2017 ഏപ്രിൽ മാസത്തിലാണ് അവസാനമായി ക്യാമ്പുകൾ നടത്തിയിട്ടുള്ളത്. പ്രസ്തുത മെഡിക്കൽ ക്യാമ്പുകളിൽ നിന്നായി 6035 പേർ ഇതുവരെയായി ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

<u>ദുരിതബാധിതർക്ക് നൽകിവരുന്ന ആശ്വാസപ്രവർത്തനങ്ങൾ</u>

സൗജന്യ സ്പെഷ്യലിസ്റ്റ് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ

കാസറഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതമേഖലകളിലെ വിവിധ ആരോഗ്യകേന്ദ്രങ്ങളിലായി ദുരിതബാധിതർക്ക് സൗജന്യ സ്പെഷലിസ്റ്റ് & സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കി വരുന്നു. രോഗികൾക്ക് വിദഗ്ധ ചികിത്സ നൽകുന്നതിനായി കേരളത്തിലും കർണ്ണാടകയിലുമായി 17 ആശുപത്രികൾ എം പാനൽ ചെയ്യപ്പെട്ടിട്ടുണ്ട്.

<u>എംപാനൽഡ് ആശുപത്രികൾ</u>

- യെനപ്പോയ മെഡിക്കൽ കോളേജ് ആശുപത്രി, മംഗലാപുരം
- പരിയാരം മെഡിക്കൽ കോളേജ് ആശുപത്രി, കണ്ണൂർ

- കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി
- ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് , തിരുവനന്തപുരം
- റീജിയണൽ ക്യാൻസർ സെൻറർ , തിരുവനന്തപുരം
- മലബാർ ക്യാൻസർ സെൻറർ, തലശ്ശേരി
- ICCONS ഷൊർണ്ണൂർ
- W & C ആശുപത്രി , മാങ്ങാട്ടുപറമ്പ്
- ജനറൽ ആശുപത്രി, കാസർഗോഡ്
- ജനറൽ ആശുപത്രി, തലശ്ശേരി
- ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്
- ജില്ലാ ആശുപത്രി, കണ്ണൂർ
- കസ്തൂർബ മെഡിക്കൽ കോളേജ് ആശുപത്രി,മണിപ്പാൽ
- കസ്തൂർബ മെഡിക്കൽ കോളേജ് ആശുപത്രി, മംഗലാപുരം
- ലിറ്റിൽ ഫ്ലവർ കണ്ണാശുപത്രി, അങ്കമാലി
- ഗവ വേറ ആശുപത്രി,തൃശ്ശൂർ
- ഗവ ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രി ,കോഴിക്കോട്

മൊബൈൽ മെഡിക്കൽ യൂണിറ്റ്

- കിടപ്പിലായ രോഗികൾക്ക് വീട്ടിലെത്തി ചികിത്സ ലഭ്യമാക്കുന്നതിനായി മെഡിക്കൽ യൂണിറ്റ് പ്രവർത്തിക്കുന്നു
- ആവശ്യമായ വീടുകളിൽ ചെന്ന് വേണ്ട ചികിത്സ നൽകുന്നതിനായി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ സ്റ്റാഫ് നേഴ്സുമാരെ നിയമിച്ചിട്ടുണ്ട്.

ഡയാലിസിസ് യൂണിറ്റ്

വൃക്ക രോഗബാധിതരിൽ ഹീമോ ഡയാലിസിസ് ആവശ്യമായി വരുന്ന രോഗികൾക്ക് അതിന്റെ സൌകര്യം ലഭ്യമാക്കുന്നതിനായി പദ്ധതിയുടെ ഭാഗമായി കാസറഗോഡ് ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ഇതിനായി 8 ഡയാലിസിസ് മെഷിനുകൾ സജ്ജീകരിച്ചിട്ടുണ്ട്.

ദുരിതബാധിതർക്ക് യാത്രാസൗകര്യം

ദുരിതബാധിതരെ ചികിത്സക്കായി ആശുപത്രികളിൽ എത്തിക്കുന്നതിനായി ജില്ലയിലെ 11 പഞ്ചായത്തുകളിലും വാഹന സൌകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ഫിസിയോതെറാപ്പി സേവനം

ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലെ സി എച്ച് സി , പി എച്ച് സി കളിൽ ഫിസിയോ തെറാപ്പിസ്റ്റ്മാരെ നിയമിച്ചിട്ടുണ്ട്. കിടപ്പിലായ രോഗികളുടെ വീടുകളിൽ പോയി ഗുണഭോക്താക്കൾക്ക് സൌജന്യ സേവനം നൽകി വരുന്നു. ജില്ല ആശുപത്രി, ജനറൽ

ആശുപത്രി എന്നിവിടങ്ങളിൽ സുസജ്ജമായ ഫിസിയോ തെറാപ്പി യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

പീഡിയാട്രിക് ICU

നബാർഡ് RIDF പദ്ധതിയുടെ ഭാഗമായി ജില്ലയിലെ ആശുപത്രികളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നു

മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത് പട്ടികയിൽ ഉൾപ്പെടാത്തവർക്ക് സർക്കാർ അനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ

2013 ആഗസ്റ്റ് മാസം നടത്തിയ സ്പെഷലിസ്റ്റ് മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുത്തവരിൽനിന്നും നിലവിലുള്ള മാനദണ്ഡപ്രകാരം ദുരിതബാധിതപട്ടികയിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതും എന്നാൽ ഗുരുതിരരോഗമുള്ളവരുമായ 127 പേർക്ക് സൌജന്യ ചികിത്സ അനുവദിച്ച് വരുന്നുണ്ട്. കൂടാതെ സർക്കാർ GO (Rt) No.3616/16 Rev Dtd 07.09.2016 , GO (Rt) No.4361/16 Rev Dtd 18.10.2016 ( Revenue -DRF- Department) പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഒരു ലക്ഷം രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്.

ദുരിതബാധിതപട്ടികയിൽ ഉൾപ്പെടാത്ത 316 കാൻസർ രോഗികൾക്ക് സൌജന്യ ചികിത്സ ,പെൻഷൻ ഇവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതുകൂടാതെ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്ത 18 വയസ്സിന് താഴെയുള്ള 932കുട്ടികളെ ആരോഗ്യകിരണം, RBSK എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി ആവശ്യമായ ചികിത്സ അനുവദിക്കുന്നുണ്ട്.

ഡെത്ത് ഓഡിറ്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമുള്ള ധനസഹായം

എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാതെ മരണപ്പെട്ടവരും എന്നാൽ എൻഡോസൾഫാൻ ദുരിതബാധിതരെന്ന് കണ്ടെത്തിയിട്ടുള്ളവരുമായവരുടെ ആശ്രിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള പ്രത്യേക ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾക്ക് 2017 ഒക്ടോബർ 25 മുതൽ ഒരു വർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

അനുബന്ധം : ദുരിതബാധിതരുടെ 50000 രൂപ വരെയുള്ള കടബാധ്യതകൾ എഴുതിത്തള്ളിയിട്ടുണ്ട്.

| |
|---|
| *Loan write off expenses (till June 2017) for endosulfan victims having an individual liability of upto Rs. 50000.* |

| Type of Banks | No. of Beneficiaries | Amount (in Rupees) |
|---|---|---|
| Co-operative Banks | 559 | 85,70,475 |
| Nationalised Banks | 119 | 25,22,950 |
| Total | | 1,10,93,425 |

പ്രതിമാസ പെൻഷൻ :

എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന അവരുടെ രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ച് 1200 , 2200 രൂപ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

അധിക ധനസഹായം : എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ പേർക്കും ഓണത്തോടനുബന്ധിച്ച് 1000 രൂപ വീതം അധിക ധനസഹായം നൽകി വരുന്നുണ്ട്.

ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് 200 യൂണിറ്റ് വരെ വൈദ്യുതി സൗജന്യമായി കെ എസ് ഇ ബി അനുവദിച്ചിട്ടുണ്ട്.

സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി :

എൻഡോസൾഫാൻ ദുരിതം മൂലം കിടപ്പിലായവരെ പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി മുഖേന പ്രതിമാസം 700 രൂപ അനുവദിച്ച് നൽകുന്നുണ്ട്.

വിദ്യാഭ്യാസ സ്കോളർഷിപ്പ് :

എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12 മുതൽ പ്രത്യേക വിദ്യാഭ്യാസ സഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

ബഡ്സ് സ്കൂൾ- 2000 രൂപ

ഒന്ന് മുതൽ ഏഴ് വരെ -2000 രൂപ

എട്ട് മുതൽ പത്ത് വരെ -3000 രൂപ

പതിനൊന്ന് , പന്ത്രണ്ട് വരെ-4000 രൂപ

സൗജന്യ റേഷൻ :

എൻഡോസൾഫാൻ ദുരിതബാധിത മുഴുവൻ കുടുംബങ്ങൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്.

<u>ദുരിതബാധിതർക്കുള്ള പ്രത്യേക ധനസഹായം</u>

എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായവർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള ധനസഹായത്തിന്റെ മൂന്ന് ഗഡുക്കൾ

ആയി വിതരണം ചെയ്തിട്ടുണ്ട്.

കുറിപ്പ്: ദേശീയമനുഷ്യാവകാശ കമ്മീഷൻെറ പ്രത്യേക ധനസഹായം അനുവദിക്കണമെന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും, എൻഡോസൾഫാൻ ദുരിതം മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും 5 ലക്ഷം രൂപയും , ശാരീരിക വൈകല്യമുള്ളവർ, കാൻസർ രോഗികൾ എന്നിവർക്ക് 3 ലക്ഷം രൂപയും ഗഡുക്കളായി നൽകുന്നതിനായാണ് സർക്കാർ ഉത്തരവായിട്ടുള്ളത്.

ഇതുവരെ നൽകിയ സാമ്പത്തിക സഹായങ്ങൾ ചുവടെ ചേർക്കുന്നു.

*Table 18 Financial compensation_ disbursement status*

*NHRC Compensation- payment of 1st Installment*

| Sl. No. | Category | No. of Victims | Amount |
|---|---|---|---|
| 1 | BR | 258 | 37600000 |
| 2 | MR | 1161 | 173450000 |
| 3 | PH | 967 | 98500000 |
| 4 | CA | 437 | 43700000 |
| 5 | DEATH | 701 | 103200000 |
| | Total | 3524 | 45,64,50,000 |

*NHRC Compensation-payment of 2nd Installment*

| Sl. No. | Category | No. of Victims | Amount |
|---|---|---|---|
| 1 | BR | 239 | 35650000 |
| 2 | MR | 1149 | 172250000 |
| 3 | PH | 963 | 96600000 |
| 4 | CA | 410 | 41000000 |

| | | | |
|---|---|---|---|
| 5 | DEATH | 679 | 100300000 |
| | Total | 3440 | 44,58,00,000 |

*NHRC Compensation payment of 3rd instalment*

| Sl. No. | Category | No. of Victims | Amount |
|---|---|---|---|
| 1 | BR | 219 | 43700000 |
| 2 | MR | 1136 | 226800000 |
| 3 | PH | 944 | 94800000 |
| 4 | CA | 371 | 37100000 |
| 5 | DEATH | 418 | 78500000 |
| | Total | 3088 | 480900000 |

*Total amount disbursed as financial compensation till January 2018*

ആകെ 138.815 കോടി രൂപ ദുരിതബാധിതർക്ക് ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

എംപ്ലോയ്മെന്റ് നിയമനങ്ങളിൽ [illegible] വർഷത്തെ ഇളവും സർക്കാർ ദുരിതബാധിതർക്ക് അനുവദിച്ചിട്ടുണ്ട്.

NABARD-RIDF ENDOSULFAN PACKAGE

കാസർഗോഡ് ജില്ലയിലെ സാമൂഹ്യസേവന മേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 238 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.

| ക്രമം | വകുപ്പ് | പദ്ധതികളുടെ എണ്ണം |
|---|---|---|
| 1 | സാമൂഹ്യക്ഷേമം –അംഗൺവാടികൾ | 66 |
| 2 | വിദ്യാഭ്യാസം –സ്കൂൾകെട്ടിടങ്ങൾ | 68 |
| 3 | ആരോഗ്യം –ആശുപത്രി കെട്ടിടങ്ങൾ | 44 |
| 4 | മൃഗസംരക്ഷണം –കെട്ടിടങ്ങൾ | 5 |
| 5 | ജലവിതരണ പദ്ധതികൾ | 52 |

പ്രസ്തുത പദ്ധതികളിൽ 197 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. മറ്റു പ്രവർത്തികൾ പുരോഗമിച്ച്

വരുന്നുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റിഹാബിലിറ്റേഷൻ വില്ലേജ് കാസറഗോഡ് ജില്ലയിലെ മുളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.